# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് – www.bcdd.kerala.gov.in

**BCDIR/164/2020-A3** തീയതി :04.09.2020

ഭരണഭാഷ – മാതൃഭാഷ

## വിജ്ഞാപനം

വിഷയം : ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് 2020-21 : അപേക്ഷകർക്കും സ്കൂൾ അധികൃതർക്കും ഉള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന :
1. സ.ഉ.(സാധാ) നം.1616/2012/പി.സ.വി.വ തീയതി 18.12.2012
2. സ.ഉ.(സാധാ) നം.10/2014/പി.സ.വി.വ തീയതി 23.05.2014
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19-06-2020 ലെ ക്യു.ഐ.പി(1)9141/2020/ഡി.ജി.ഇ നം.കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08-05-2020 ലെ ക്യു.ഐ.പി(1)9141/2020/ഡി.ജി.ഇ നം. സർക്കുലർ

50% കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് 2020-2021 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്കും, സ്കൂൾ അധികൃതർക്കും ഉള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽ (ഒ.ബി.സി) ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്.
2. ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കുന്നതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളും, പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ ആനുകൂല്യം അനുവദിക്കുന്നതിനാൽ ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളും, സൂചന 2 സർക്കാർ ഉത്തരവ് പ്രകാരം ഒ.ഇ.സി യ്ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ 30 സമുദായങ്ങളിലെ വിദ്യാർത്ഥികളും ഈ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതില്ല.
3. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ഏത് വകുപ്പ് വഴി സ്കോളർഷിപ്പ് ലഭിക്കുന്നവരായാലും ഒരു കുടുംബത്തിൽ ആകെ 2 പേർക്ക് മാത്രമേ അർഹതയുള്ളൂ.
4. രക്ഷിതാവിന്റെ വാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കരുത്.
5. പ്രവേശന സമയത്ത് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തവരും, പിന്നീട് മതപരിവർത്തനം നടത്തിയിട്ടുള്ളവരും അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്
6. മുൻ വർഷത്തെ പരീക്ഷയിൽ 80 ശതമാനമോ, അതിലധികമോ സ്കോർ നേടിയിരിക്കണം. നടപ്പ വർഷത്തെ ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.

7. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
8. 2020-21 വർഷത്തേക്കുള്ള അപേക്ഷാഫാറത്തിന്റെ മാതൃക www.bcdd.kerala.gov.in , www.egrantz.kerala.gov.in എന്നീ വെബ് സൈറ്റുകളിലും, എല്ലാ സ്കൂളുകളിലും ലഭ്യമാണ്. (ഫോട്ടോസ്റ്റാറ്റ് ഉപയോഗിക്കാവുന്നതാണ്)
9. നിർദ്ദേശങ്ങൾ പൂർണമായി വായിച്ചതിനു ശേഷം മാത്രം അപേക്ഷാഫാറം പൂരിപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അധ്യാപകരുടെ സഹായം തേടാവുന്നതാണ്.
10. വാർഷിക വരുമാനം സംബന്ധിച്ച സത്യപ്രസ്താവന അപേക്ഷാഫാറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ രക്ഷിതാവിന്റെ ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം. (മുദ്രപത്രം ആവശ്യമില്ല.)
11. രക്ഷിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
12. അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭ്യമാവണമെന്നില്ല. ലഭ്യമായ ഫണ്ടിനനുസരിച്ച് ഉയർന്ന മാർക്ക് ശതമാനം, താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.
13. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത്. ആയതിനാൽ സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികളും അവരവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നിർബന്ധമായും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. ബാങ്ക് പാസ്ബുക്കിന്റെ അക്കൗണ്ട് നമ്പർ ഉൾപ്പെടുന്ന ഭാഗത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
14. അപേക്ഷകൾ സ്കൂളുകളിൽ സ്വീകരിക്കുന്ന അവസാന തീയതി - 30.09.2020
15. അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ, അപൂർണമോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

<u>സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ</u>

1. അപേക്ഷാഫാറത്തിന്റെ മാതൃക നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും, എല്ലാ വിദ്യാർത്ഥികൾക്കും പദ്ധതി സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതുമാണ്.
2. ആവശ്യമെങ്കിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
3. പൂരിപ്പിച്ച അപേക്ഷകൾ 30.09.2020 ന് വൈകിട്ട് 4 മണി വരെ സ്കൂളിൽ സ്വീകരിക്കാവുന്നതാണ്.
4. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് പ്രധാനാധ്യപകരുടെ ചുമതലയാണ്.
5. 2019-2020 അധ്യയന വർഷം 1 മുതൽ 8 വരെ ക്ലാസ്സിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ സ്കോർ നിർണയിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സൂചന 3 കത്തിലെ നിർദ്ദേശങ്ങളും, ഒൻപതാം ക്ലാസിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ സ്കോർ നിർണയിക്കുന്നതിന് സൂചന 4 സർക്കുലറിലെ നിർദ്ദേശങ്ങളും അടിസ്ഥാനമാക്കേണ്ടതാണ്. പ്രസ്തുത കത്ത്, സർക്കുലർ എന്നിവയുടെ പകർപ്പ് ഈ വിജ്ഞാപനത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.
6. മാർക്ക്, വരുമാനം, ജാതി എന്നിവ രേഖപ്പെടുത്തുന്നതിലെ അപാകത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനെ സാരമായി ബാധിക്കുമെന്നതിനാൽ ഇവയിലെ കൃത്യത സ്ഥാപനമേധാവി ഉറപ്പാക്കേണ്ടതാണ്.

7. ജാതി/രക്ഷിതാവിന്റെ വാർഷിക വരുമാനം സംബന്ധിച്ച് സംശയമുണ്ടെങ്കിൽ റവന്യൂ അധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

8. ലഭ്യമാകുന്ന അപേക്ഷകളിലെ വിവരങ്ങൾ www.egrantz.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി ഈ ആഫീസിന് ലഭ്യമാക്കേണ്ടതാണ്. 2020 ഒക്ടോബർ 15 വരെ ഡാറ്റാ എൻട്രി നടത്താവുന്നതാണ്. ഡാറ്റാ എൻട്രിയ്ക്ക് സഹായകമാവുന്ന യൂസർ മാനുവൽ ഇ-ഗ്രാന്റ്സ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡാറ്റാ എൻട്രി സംബന്ധമായ പ്രശ്നങ്ങൾ egrantz3.0helpline@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ മാത്രം അറിയിക്കേണ്ടതാണ്.

9. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിച്ച് അപേക്ഷാഫാറവും, മാർക്ക്/ഗ്രേഡ് സംബന്ധിച്ച രേഖകളും ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധനക്ക് നൽകേണ്ടതാണ്.

10. കുട്ടികളുടെ ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ എന്റർ ചെയ്യുന്നതിലെ കൃത്യതയിൽ പ്രധാനാധ്യപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു തവണയെങ്കിലും ട്രാൻസാക്ഷൻ നടത്തിയിട്ടുണ്ടെന്നും, അക്കൗണ്ട് ലൈവ് ആണെന്നും ഉറപ്പാക്കേണ്ടതാണ്.

11. സമാനരീതിയിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)

പി.ഐ. ശ്രീവിദ്യ ഐ.എ.എസ്

ഡയറക്ടർ

പകർപ്പ്:

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
5. രജിസ്ട്രാർ, സി-ഡിറ്റ്
6. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, KITE
7. ഐ.ടി. ഡിവിഷൻ കോർഡിനേറ്റർ - പി.വി.വി.വ.
8. ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, ഇ-ഗ്രാന്റ്സ്
9. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ - പി.വി.വി.വ (എറണാകുളം/കോഴിക്കോട്)
10. എല്ലാ DD/DEO/AEO മാർക്ക് ഇ മെയിൽ മുഖേന
11. എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (അറിവിലേക്കായി)
12. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്കും–ഡി.ഇ.ഒ മുഖേന
13. നോട്ടീസ് ബോർഡ്/കരുതൽ/അധികം

*അംഗീകാരത്തോടെ*

Digitally signed by Sreejith P V
Date: 2020.09.08 07:12:36 +05'30'

*സീനിയർ സൂപ്രണ്ട്*

അപേക്ഷാ നം :

കേരള സർക്കാർ

പിന്നാക്ക വിഭാഗ വികസന വകുപ്പ്

## 2020-21 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര് :
2. രക്ഷിതാവിന്റെ പേര് :
3. വിദ്യാർത്ഥിയുമായുള്ള ബന്ധം :
4. മതം/ജാതി :
5. ക്ലാസ്സ്
6. അഡ്മിഷൻ നമ്പർ
7. ജനന തീയതി
8. ആൺ/പെൺ
9. രക്ഷിതാവിന്റെ വാർഷിക വരുമാനം
10. ആധാർ നമ്പർ
11.

| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) | പഠിക്കുന്ന സ്കൂളിന്റെ പേരും മേൽവിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) |
|---|---|
| | |
| മൊബൈൽ നം : | |

12. മുൻ വർഷത്തെ മാർക്ക്/ഗ്രേഡ് (ശതമാനത്തിൽ) :
13. ഭിന്നശേഷി ഉണ്ടോ? ഉണ്ടെങ്കിൽ തരം :

## രക്ഷിതാവിന്റെ സത്യപ്രസ്താവന

.................................................................. സ്കൂളിൽ ...................... ക്ലാസിൽ പഠിക്കുന്ന ........................................................................................ എന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ രക്ഷിതാവ് ആയ ............................................................ എന്ന ഞാൻ, .................................................................................. (മതം/ജാതി) എന്ന ഒ.ബി.സി സമുദായത്തിൽപ്പെട്ടയാളാണെന്നും, എന്റെ വാർഷികവരുമാനം .................................................................. രൂപ മാത്രമാണെന്നും, എന്റെ കുടുംബത്തിൽ നിന്നും 2 കുട്ടികളിൽ കൂടുതൽ പേർ പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ അപേക്ഷയിലെ എന്തെങ്കിലും വിവരം തെറ്റാണെന്ന് തെളിയിക്കപ്പെടുന്ന പക്ഷം അപേക്ഷകന് ലഭിക്കുന്ന തുക മുഴുവനായും തിരിച്ചടയ്ക്കാമെന്നും, നിയമപരമായ മറ്റു നടപടികൾക്ക് വിധേയനായിക്കൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം :

തീയതി : വിദ്യാർത്ഥിയുടെ പേരും ഒപ്പും രക്ഷിതാവിന്റെ പേരും ഒപ്പും

(മറുപുറം)

**14.** വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

(അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിരിക്കണം – ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് ഹാജരാക്കണം)

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ബാങ്കിന്റെ പേര് | | | | | | | | | | | | | | | | |
| ബ്രാഞ്ച് | | | | | | | | | | | | | | | | |
| അക്കൗണ്ട് ഹോൾഡറുടെ പേര് | | | | | | | | | | | | | | | | |
| അക്കൗണ്ട് നമ്പർ | | | | | | | | | | | | | | | | |
| IFS കോഡ് | | | | | | | | | | | | | | | | |

## സാക്ഷ്യപത്രം

ഈ അപേക്ഷയിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനി മുൻ അധ്യയന വർഷം 80% ൽ കുറയാത്ത സ്കോർ/ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ടെന്നും, സമാനരീതിയിലുള്ള മറ്റ് സ്കോളർഷിപ്പുകളൊന്നും കൈപ്പറ്റുന്നില്ലായെന്നും, ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ സ്കൂൾ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : (ആഫീസ് മുദ്ര) സ്ഥാപന മേധാവിയുടെ പേരും ഒപ്പും

78176/2020/A BCDDTVM

"ഭരണഭാഷ – മാതൃഭാഷ"

നം.ക്യു.ഐ.പി(1)/9141/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 19/06/2020
ഫോൺ നം. : 0471 2580 587

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം – 2020-21 അധ്യയന വർഷത്തേക്കുള്ള കുട്ടികളുടെ പ്രൊമോഷൻ – 8-ാം ക്ലാസ്സ് സംബന്ധിച്ച കരുതൽ നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന:- 1) ഈ കാര്യാലയത്തിൽ നിന്നുള്ള 08.05.2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
2) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറകടറുടെ കത്ത് നമ്പർ BCDIR/164/2020-A3 തീയതി 17.06.2020

********

കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പ്രൈമറി, ഹൈസ്കൂൾതല വാർഷിക പരീക്ഷകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. മേൽ സാഹചര്യത്തിൽ കുട്ടികൾക്ക് തൊട്ടടുത്ത ക്ലാസ്സുകളിലേക്ക് പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരമുള്ള സർക്കുലർ വഴി നൽകിയിരുന്നു.

1-ാം ക്ലാസ്സുമുതൽ 8-ാം ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും തൊട്ടടുത്ത ക്ലാസ്സുകളിലേക്ക് പ്രൊമോഷൻ നൽകണമെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് വാർഷിക പരീക്ഷയുടെ മാർക്കിന്റെ ശതമാനം കണക്കാക്കി നൽകണമെന്ന് സൂചന (2) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ 2019-20 അധ്യയന വർഷം ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സിൽ പഠിച്ചിരുന്ന എല്ലാ കുട്ടികളുടെയും പരീക്ഷ നടക്കാത്ത വിഷയങ്ങളിൽ പാദവാർഷിക പരീക്ഷയ്ക്കും അർദ്ധ വാർഷിക പരീക്ഷയ്ക്കും ലഭിച്ച സ്കോറിന്റെ ശരാശരി പരിഗണിച്ച് വാർഷിക സ്കോറും ഗ്രേഡും കണക്കാക്കേണ്ടതും ആയത് ശതമാനത്തിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് തുടങ്ങിയ കാര്യങ്ങൾക്ക് അവലംബിക്കേണ്ടതുമാണ്. 9-ാം ക്ലാസ്സ് കുട്ടികളുടെ സ്കോർ നിർണ്ണയിക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

വിശ്വസ്തതയോടെ,

എം.കെ. ഷൈൻമോൻ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് :-
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

എസ്..എസ്

ക്യൂ.ഐ.പി.1/9141/2020/ഡിജിഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസ്,
തിരുവനന്തപുരം, തീയതി 08-05-2020

## സർക്കുലർ

വിഷയം; പൊ.വി.-2020-21 അദ്ധ്യയന വർഷത്തേക്കുള്ള കുട്ടികളുടെ പ്രൊമോഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്.

സൂചന; 28.10.2017-ലെ സർക്കാർ ഉത്തരവ് (കൈ)നം.133/2017/പൊ.വി.വ.

കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പ്രൈമറി, ഹൈസ്കൂൾതല വാർഷികപരീക്ഷകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാലും, വേനലവധിക്കാലം കഴിയാറായതിനാലും ബാക്കിയുള്ള പരീക്ഷകൾ പൂർത്തീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ കുട്ടികൾക്ക് തൊട്ടുമുകളിലുള്ള ക്ലാസ്സുകളിലേക്ക് പ്രൊമോഷൻ നൽകേണ്ടതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒന്നാംക്ലാസ്സുമുതൽ എട്ടാംക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും തൊട്ടുമുകളിലുള്ള ക്ലാസ്സിലേക്ക് നിലവിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രൊമോഷൻ നൽകേണ്ടതും ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്.
2. ഒൻപതാം ക്ലാസ്സിൽ ഇതിനകം പൂർത്തീകരിച്ച പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പരീക്ഷ നടത്താൻ കഴിയാത്ത ഒന്നാം ഭാഷ പേപ്പർ-2, സാമൂഹ്യ ശാസ്ത്രം, കലാകായിക പ്രവൃത്തി പരിചയം എന്നിവയുടെ കാര്യത്തിൽ ഓരോ കുട്ടിയുടെയും അർദ്ധ വാർഷിക പരീക്ഷയ്ക്ക് ലഭിച്ച സ്കോർ പ്രൊമോഷൻ നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്. ഏതെങ്കിലും കുട്ടികൾ അർദ്ധ വാർഷിക പരീക്ഷ എഴുതാത്ത സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ ആ കുട്ടിയുടെ പ്രസ്തുത വിഷയങ്ങളിലുള്ള പാദവാർഷിക പരീക്ഷയുടെ സ്കോർ പരിഗണിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികൾ പാദവാർഷിക/അർദ്ധവാർഷികപരീക്ഷകൾ എഴുതാത്ത സാഹചര്യമുണ്ടായി ട്ടുണ്ടെങ്കിൽ ആ കുട്ടികൾക്ക് സ്കൂൾ തലത്തിൽ ചോദ്യപ്പേപ്പർ തയ്യാറാക്കി സൂചന ഉത്തരവ് പ്രകാരം പ്രസ്തുത വിഷയങ്ങളുടെ മൂല്യനിർണ്ണയം നടത്താവുന്നതും ആ സ്കോർ പരിഗണിക്കേണ്ടതുമാണ്.

...മറുപുറം

3. ഒൻപതാം ക്ലാസ്സിലെ പരീക്ഷാപേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിനും, പാദവാർഷിക/അർദ്ധവാർഷികപരീക്ഷയ്ക്ക് ലഭിച്ച സ്കോറുകൾ ബന്ധപ്പെട്ട അദ്ധ്യാപകർക്ക് ലഭ്യമാക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്കു വിധേയമായി പ്രധാനാദ്ധ്യാപകൻ നടത്തേണ്ടതാണ്.

4. ഇത്തരത്തിൽ സമയബന്ധിതമായി മൂല്യനിർണ്ണയപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെട്ട അദ്ധ്യാപകർ, വിദ്യാഭ്യാസ ആഫീസർമാർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

5. മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ കുട്ടികൾക്ക് പത്താംക്ലാസ്സിലേക്ക് പ്രൊമോഷൻ നൽകേണ്ടതും, പ്രൊമോഷൻ ലിസ്റ്റ് മെയ് 20-നകം പ്രസിദ്ധീകരിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
5. കരുതൽ ഫയൽ